LIBRARY ARCHIVES Kerala Legislative Assembly

സ്പാർക്ക് സംവിധാനത്തിന്റെ പരിമിതികൾ

48(5203) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്കിന്റെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

സ്പാർക്ക് സോഫ്റ്റ്വെയറിന്റെ പ്രവർത്തനക്ഷമത പരിശോധിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല.

(ബി) സ്പാർക്ക് ജീവനക്കാരെ ഫോണിലോ മെയിലിലോ മറ്റേത് മാർഗ്ഗം മുഖേനയോ ആണ് ഓഫീസ് സമയത്ത് ബന്ധപ്പെടാൻ സാധിക്കുകയെന്ന് വിശദമാക്കുമോ?

സ്പാർക്കിലെ ഹെൽപ്പ് ഡെസ്കിൽ ഉള്ള ഫോൺ, മെയിൽ, ചാറ്റ് എന്നിവ വഴിയും അത്യാവശ്യമെങ്കിൽ ഓഫീസ് സന്ദർശനത്തിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പരാതികളുമായി എത്തുന്ന ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്ന സ്പാർക്ക് ജീവനക്കാരെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും അവ എങ്ങനെ പരിഹരിക്കുമെന്നും അറിയിക്കുമോ?

ഇതുസംബന്ധിച്ച് പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്പാർക്കിലേയ്ക്ക് അയയ്ക്കുന്ന മെയിൽ സന്ദേശങ്ങൾക്ക് യഥാസമയം മറുപടി നൽകാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര മെയിലുകൾക്ക് ഇനിയും മറുപടി നൽകാനുണ്ടെന്ന് അറിയിക്കുമോ?

സ്പാർക്കിൽ ലഭ്യമാകുന്ന മെയിൽ സന്ദേശങ്ങളിലെ വിഷയത്തിന്റെ വ്യാപ്തിയനുസരിച്ച് യഥാസമയം മറുപടി നൽകാറുണ്ട്. 09.08.2021 (സമയം: 11 മണി) വരെ 6723 മെയിലുകൾ മറുപടി നൽകുന്നതിനായി ലഭ്യമായിട്ടുണ്ട്.

(ഇ) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സൗഹാർദ്ദപരവുമാക്കിമാറ്റുന്നതിന് അടിയന്തരമായി ഇടപെടുമോയെന്ന് വ്യക്തമാക്കുമോ?

സ്പാർക്ക് (പി.എം.യു) ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.